# നിങ്ങളുടെ വിവാഹ ജീവിതത്തിലും സഭയിലും ആത്മാവിലുള്ള ഐക്യം നിലനിർത്തുക

സാക് പുന്നൻ

WFTW 10 ജൂലൈ 2016

എഫെസ്യർ4:3ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. 'ആത്മാവിലുള്ള ഐക്യം സമാധാനബന്ധത്തിൽ നിലനിർത്തുവാൻ ജാഗ്രത കാണിക്കുവിൻ'

പൗലൊസിൻറെ അനേകം കത്തുകളിലും ഐക്യം ഒരു വലിയ പ്രതിപാദ്യ വിഷയമാണ്. കർത്താവിന് അവിടുത്തെ സഭയ്ക്ക് വേണ്ടിയുള്ള ഭാരവും അതുതന്നെയാണ്. ഒരു മനുഷ്യ ശരീരം മരിക്കുമ്പോൾ അത് വിഘടിക്കുവാൻ തുടങ്ങുന്നു. നമ്മുടെ ശരീരം പൊടികൊണ്ട് നിർമ്മിക്കപ്പെട്ടതാണ്, ഈ ശരീരത്തിൽ ഉള്ള ജീവനാണ് ഈ പൊടിയുടെ കണങ്ങളെ ഒരുമിച്ചു ചേർത്തു നിർത്തുന്നത്. ജീവൻ പോകുന്ന ആ നിമിഷത്തിൽ വിഘടനം ആരംഭിക്കുകയും, കുറച്ചു സമയം കഴിയുമ്പോൾ ആ ശരീരം മുഴുവൻ പൊടിയായി തീരുകയും ചെയ്യുന്നു. വിശ്വാസികളുടെ ഒരു കൂട്ടായ്മയിലും ഇത് അങ്ങനെ തന്നെയാണ്.

ഒരു സഭയിലെ വിശ്വാസികൾ ഭിന്നിക്കുമ്പോൾ, മരണം നേരത്തെ തന്നെ അകത്തു കടന്നു എന്ന് നമ്മുക്ക് തീർച്ചയാക്കാം. ഒരു ഭാര്യയും ഭർത്താവും ഭിന്നിക്കുമ്പോൾ, അവർ പരസ്പരം ഒരിക്കലും വിവാഹമോചനം നടത്തിയില്ലെങ്കിലും, നേരത്തെ തന്നെ മരണം പ്രവേശിച്ചിട്ടുണ്ട് എന്ന് നിങ്ങൾ അറിയുന്നു. ഒരു വിവാഹ ജീവിതത്തിൽ അവർ വിവാഹിതരായി ഒരു ദിവസം കഴിഞ്ഞു പോലും ശിഥിലീകരണം ആരംഭിക്കുവാൻ കഴിയും തെറ്റിദ്ധാരണകൾ സമ്മർദ്ദങ്ങൾ, വഴക്കുകൾ മുതലായവയാൽ.

അത് ഒരു സഭയിലും സംഭവിക്കാൻ കഴിയും സാധാരണയായി ഒരു സഭ ആരംഭിക്കുന്നത് തീഷ്ണതയുള്ള ഏതാനും സഹോദരന്മാർ വലിയ തീഷ്ണതയോടെ കർത്താവിന് വേണ്ടി ഒരു നിർമ്മല പ്രവർത്തനം നടത്തുവാനായി ഒരുമിച്ച് ചേരുന്നു വരുമ്പോഴാണ്. വളരെ പെട്ടെന്ന് അനൈക്യം ഉള്ളിൽ കടന്നു വരികയും മരണം പ്രവേശിക്കുകയും ചെയ്യുന്നു. ആത്മാവിലുള്ള ഐക്യം കാത്തു കൊള്ളുന്നതിനായി നാം നിരന്തരം പോരാടേണ്ടതുണ്ട്. ഒരു വിവാഹജീവിതത്തിലും ഒരു സഭയിലും. മനുഷ്യ ശരീരത്തെക്കുറിച്ചുള്ള ഏറ്റവും അത്ഭുതകര്യം, അത് ഉണ്ടാക്കപ്പെട്ടിരിക്കുന്ന പൊടിയുടെ എല്ലാ ചെറിയ കണങ്ങളും അവ എവിടെയാണ് സംയോജിക്കപ്പെട്ടിരിക്കുന്നത് എന്ന് ആർക്കും കാണാൻ പറ്റാത്ത വിധം അത്ര അടുത്ത് ഒരുമിച്ച് ചേർന്നിരിക്കുന്നു.ശരീരത്തിൽ ഒരു മുറിവുണ്ടായാൽ, പെട്ടെന്ന് തന്നെ ത്വക്ക് കൂടിച്ചേരത്തക്കവിധമുള്ള ചില പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ശരീരത്തിലെ ത്വക്കിൻറെ ഏതെങ്കിലും ഭാഗം വിടവുള്ളതായി തുറന്നിരിക്കുവാൻ ശരീരം ഇഷ്ടപ്പെടുന്നില്ല. അതു പെട്ടെന്ന് തന്നെ ത്വക്കിൻറെ വേർപെട്ട ഭാഗം കൂട്ടി ചേർക്കുവനായി പ്രവർത്തിച്ചു തുടങ്ങുന്നു. ഭൂമിയിലുള്ള ഒരു മനുഷ്യനും രണ്ട് അസ്ഥികളെ ഒരുമിച്ച് ചേർക്കുവാൻ കഴിയുകയില്ല. ഒരു വൈദ്യന് അസ്ഥിയുടെ പൊട്ടിയ ഭാഗങ്ങൾ അന്യോന്യം നേർക്കുനേരെ വയ്ക്കുവാൻ മാത്രമേ കഴിയൂ. ആ ശരീരം തന്നെയാണ് ആ രണ്ടു ഭാഗങ്ങളെയും ഒരു മിച്ച് ചേർക്കുന്നത്. മനുഷ്യ ശരീരം എപ്പോഴും ഐക്യത്തിനായിട്ടാണ് പ്രവർത്തിക്കുന്നത്. അങ്ങനെ തന്നെ ആയിരിക്കണം ക്രിസ്തുവിൻറെ ശരീരവും പ്രവർത്തിക്കേണ്ടതാണ്. ഒരു സഭ അതുപോലെ പ്രവർത്തിക്കാത്തപ്പോൾ അത് പ്രതിനിധാനം ചെയ്യുന്നത് ക്രിസ്തുവിൻറെ ശരീരത്തെ അല്ല.

ദൈവം പണിയുന്നത് ഒരു കൂട്ടം വിശുദ്ധവ്യക്തികളെ അല്ല. അവിടുന്ന് പണിയുന്നത് ഒരു ശരീരമാണ്. എഫെസ്യർ 4ൽ പൗലൊസ് പറയുന്നത് ഇതാണ്. അദ്ദേഹം നമ്മെ

ഉത്സാഹിപ്പിക്കുന്നത് ‘ശരീരം ഒന്നായതിനാൽ ആത്മാവിലുള്ള ഐക്യം കാത്തു കൊള്ളുവാനാണ്‘ ഒരു പ്രാദേശിക സഭയിൽ ഐക്യം ഉണ്ടെന്ന് എപ്പോഴാണ് നമ്മുക്ക് പറയാൻ കഴിയുന്നത്? ‘ സമാധാന ബന്ധത്താൽ‘ (എഫെ 4:3),‘ ആത്മാവിൻറെ ചിന്ത സമാധാനമാണ്‘ (റോമ 8:6). ഒരു സഹോദരനെയോ സഹോദരിയെയോ പറ്റി ചിന്തിക്കുമ്പോൾ അവനോട്/അവളോട് ഉള്ള നിങ്ങളുടെ ചിന്തകൾ സമാധാനത്തിൻറെയും സ്വസ്ഥതയുടെയും ആണെങ്കിൽ, അപ്പോൾ ആ വ്യക്തിയും നിങ്ങളും തമ്മിൽ ഐക്യതയുണ്ടെന്ന് നിങ്ങൾ അറിയുന്നു. എന്നാൽ ആ വ്യക്തിയെക്കുറിച്ച് ചിന്തിക്കുമ്പോൾ നേരിയ അളവിലെങ്കിലും നിങ്ങൾ അസ്വസ്ഥനാണെങ്കിൽ, അപ്പോൾ ആ വ്യക്തിയുമായി നിങ്ങൾ ഒന്നായിട്ടില്ലെന്ന് നിങ്ങൾക്കു തീർച്ചയാക്കാം.വളരെ പ്രസരിപ്പുള്ള ഒരു ‘പ്രെയിസ് ദ ലോഡ്‘ പറഞ്ഞ് അയാളെ അഭിവന്ദനം ചെയ്യതേക്കാം, എന്നാൽ അത് കാപട്യമാണ്.

സമാധാനമാണ് പരിശോധന, അതുകൊണ്ട് ആത്മാവിലുള്ള ഐക്യം സമാധാന ബന്ധത്തിൽ കാക്കപ്പെടണം.